ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ഉണ്ട്. 3-12-2003 മുതൽ.

(ബി) ഉണ്ട്. 2000-ലെ സ്പോർട്സ് ആക്ട് 47-ാം വകുപ്പു പ്രകാരം കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

(സി) ഇതിനുള്ള നടപടി എടുത്തുവരുന്നു.

ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും നടപടി

11 (*546) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലാശയങ്ങളെല്ലാം വ്യാപകമായി മലിനീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നതിനാൽ ഇവയിലെ മത്സ്യ സമ്പത്ത് നാൾക്കുനാൾ നശിച്ചു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഫിഷറീസ് വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും വിശദമാക്കാമോ ;

(സി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി തന്നാണ്ടിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ലക്ഷ്യമിട്ടിരുന്നു ; ഇക്കാര്യത്തിൽ ഉണ്ടായ പുരോഗതി വിശദമാക്കുമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെയും യു.എൻ. ഡി.പി-യുടേയും സഹായത്തോടെ നടത്തിയ പഠന റിപ്പോർട്ടുകളിൽ ഇന്ത്യയിലെ ഭൂരിഭാഗം തണ്ണീർത്തടങ്ങളും മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. 14 സംസ്ഥാനങ്ങളിലെ 174 തണ്ണീർതടങ്ങളിൽ നിന്നായി ശേഖരിച്ച മുഴുവൻ സാമ്പിളുകളിലും ഖര വസ്തുക്കളുടേയും ഘനലോഹങ്ങളുടേയും സാന്നിധ്യമുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പൊതു ജലാശയങ്ങളിൽ വ്യാപകമായി മലിനീകരണം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 20-4-2004-ലെ സ.ഉ. (സാധാ) 151/2004/ മ.തു.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ മുഴുവൻ ജലാശയങ്ങളിലേയും മലിനീകരണം തടയുന്നതിന് സത്വര നടപടിയെടുക്കാൻ ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജലമലിനീകരണം തടയുന്നതിനും മത്സ്യാവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിനും നിയമനിർമ്മാണം നടത്തുവാൻ മത്സ്യമേഖലാ വികസന പരിപാലന നയം 2004-ൽ തീരുമാനം എടുത്തിട്ടുമുണ്ട്.

(സി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപോഷണത്തിനും വേണ്ടി തന്നാണ്ടിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

1. മത്സ്യകർഷക വികസന ഏജൻസികൾ വഴിയുള്ള മത്സ്യക്കൃഷി പദ്ധതികൾ
2. ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ വഴിയുള്ള മത്സ്യ/ചെമ്മീൻ/ഞണ്ട്/ചിപ്പി/കക്ക വികസന പദ്ധതികൾ
3. ബോധവൽക്കരണ പരിപാടികൾ
4. കണ്ടൽവനങ്ങളുടെ സംരക്ഷണവും വികസനവും
5. ജല സംഭരണികളിൽ മത്സ്യക്കൃഷി
6. നിരോധിക്കപ്പെട്ട മത്സ്യബന്ധന രീതികൾ നിയന്ത്രിക്കുന്നതിന് പട്രോളിംഗ്
7. സംയോജിത മത്സ്യക്കൃഷി പദ്ധതികൾ
8. ഒരു നെല്ലും ഒരു മീനും പദ്ധതി
9. പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കൃഷിക്കുള്ള പദ്ധതി
10. പൊതുജലാശയങ്ങളിൽ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ. ഈ പദ്ധതികൾ എല്ലാംതന്നെ വ്യാപകമായ ബോധവൽക്കരണത്തിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും ജനപങ്കാളിത്തത്തോടും വളരെ വിജയകരമായി നടപ്പാക്കിവരുന്നു.

കാട്ടുതീ

12 (*547) ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം വിധത്തിലാണ് കാട്ടുതീ ഉണ്ടാകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഈ വർഷം ഇതുവരെ ഏതെല്ലാം മേഖലയിൽ കാട്ടുതീ കാണപ്പെട്ടു എന്നും എത്ര ദിവസത്തിനുള്ളിൽ തീ കെടുത്താനായെന്നും വെളിപ്പെടുത്തുമോ ;

(സി) കാട്ടുതീയുണ്ടായതായി വിവരം കിട്ടിയാലുടനെ അത് അണയ്ക്കാനുള്ള സംവിധാനം നിലവിലുണ്ടോ ;

(ഡി) കാട്ടുതീ മുഖാന്തരം ഈ വർഷം എന്ത് നഷ്ടമുണ്ടായി എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly